**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1246

05.03.2020-ൽ മറുപടിക്ക്

## ഗുജറാത്ത്-കന്യാകുമാരി പുതിയ കപ്പൽ പാത

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.ടി.ജെ. വിനോദ്**<br>**,, വി.എസ്.ശിവകുമാർ**<br>**,, അൻവർ സാദത്ത് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കേരളതീരത്ത് നിന്നും പതിനഞ്ച് നോട്ടിക്കൽ മൈൽ പ്രദേശത്ത് കൂടി ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത നിർമ്മിക്കുന്നത് സംസ്ഥാനത്തെ മത്സ്യതൊഴിലാളികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക രൂപപ്പെട്ടിട്ടുള്ളതിനാൽ നിർദ്ദിഷ്ട കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തെക്കൻ കേരള തീരത്ത് നിന്ന് 12 മുതൽ 15 നോട്ടിക്കൽ മൈൽ പ്രദേശത്ത് വരെ ടി കപ്പൽ പാത നിലനിൽക്കുന്നതിനാൽ മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിച്ച് അപകടങ്ങൾ ഉണ്ടാകുന്നതിന് സാധ്യ തയുണ്ട്. |
| (ബി) | പ്രസ്തുത പാത മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന പ്രദേശത്ത് നിന്നും ദൂരത്തേക്ക് മാറ്റണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്ത് നിന്ന് മാറ്റി സ്ഥാപിക്കണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ട് വരികയാണ്. അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുക യുണ്ടായി. അതിന് ശേഷം ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രിയ്ക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും |

| | | | |
|---|---|---|---|
| | | | വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്ത് നിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വ്യക്തമായ അറിയപ്പുകളൊന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടില്ല. |
| (സി) | പന്ത്രണ്ട് നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അത് എല്ലാ യാനങ്ങളിലും സ്ഥാപിച്ചുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (സി) | കേരള തീരത്ത് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനത്തിനാണ് സംസ്ഥാന മത്സ്യബന്ധന വകുപ്പ് ലൈസൻസ് നൽകുന്നത്. അതിനപ്പുറം EEZ ആണ്. അത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. പുതിയ കെ. എം. എഫ്. ആർ ചട്ടങ്ങളിലൂടെ മെക്കനൈസ്ഡ് യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ്/AIS നിർബന്ധമാക്കിയിട്ടുണ്ട്. |
| (ഡി) | കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും, തിരിച്ച് കരയിൽ എത്തുമ്പോഴും മത്സ്യതൊഴിലാളികൾ അവരുടെ വിശദാംശം സാഗര മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ? | (ഡി) | മത്സ്യബന്ധനത്തിനായി കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി സാഗര എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ഫിഷറീസ് വകുപ്പ് NIC യുടെ സഹായത്താൽ വികസിപ്പിച്ചെടുക്കുകയും പ്രധാനപ്പെട്ട 50 ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നടപ്പിലാക്കി വരികയുമാണ്. സാഗര ആപ്ലിക്കേഷൻ ഉപയോഗിക്കണമെങ്കിൽ ആൻഡ്രോയിഡ് മൊബൈൽ ഫോൺ ആവശ്യമാണ്. മൊത്തം 35,000-ത്തോളം രജിസ്റ്റർ ചെയ്ത യാനങ്ങൾ ഉള്ളതിൽ സ്ഥിരമായി കടലിൽ പോകുന്നത് 20,000 ത്തോളം യാനങ്ങളാണ്. ഇതിനകം 17033 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ബാക്കി യാനങ്ങൾ സാഗര മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**